# ശരിദൂരം ശരിയെന്ന് കാലം തെളിയിക്കും

എൻ.എസ്.എസ്. രാഷ്ട്രീയമായി സമദൂരത്തിൽ നിന്നും ശരിദൂരത്തിലേക്ക് പോകാനുള്ള പ്രധാന കാരണം വിശ്വാസസംരക്ഷണത്തിന്റെ കാര്യത്തിൽ കേന്ദ്ര-സംസ്ഥാനഗവണ്മെന്റുകൾ വിശ്വാസികൾക്ക് അനുകൂലമായ നടപടികൾ സ്വീകരിച്ചില്ല എന്നുള്ളതു തന്നെയാണ്.

സംസ്ഥാനസർക്കാരാകട്ടെ, ഈശ്വരവിശ്വാസം ഇല്ലാതാക്കുവാൻ വിശ്വാസികൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും എതിരായി നിലകൊള്ളുകമാത്രമല്ല, നവോത്ഥാനത്തിന്റെ പേരിൽ ജനങ്ങളിൽ വിഭാഗീയത വളർത്തിയും, ജാതി-മതചിന്തകൾ ഉണർത്തിയും മുന്നാക്ക-പിന്നാക്കചേരിതിരിവുണ്ടാക്കി രാഷ്ട്രീയമുതലെടുപ്പിനു ശ്രമിക്കുകയും ചെയ്യുന്നതാണ് മറ്റൊരു കാരണം. ഒരു വിഭാഗത്തെ താലോലിക്കുകയും അവരെ പ്രീതിപ്പെടുത്താൻ മുന്നാക്കവിഭാഗത്തെമാത്രം ബോധപൂർവമായി അവഗണിക്കുകയുമാണ് സംസ്ഥാന സർക്കാർ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്.

മുന്നാക്കവിഭാഗങ്ങൾക്കും അവരിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കും ലഭിച്ചുവന്നിരുന്ന ആനുകൂല്യങ്ങളെല്ലാം ഈ സർക്കാർ തടഞ്ഞുവച്ചിരിക്കുന്ന കാര്യം പലതവണ അക്കമിട്ടു നിരത്തിയിട്ടുള്ളതാണ്. അതിനൊന്നും വ്യക്തമായ മറുപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഇതേവരെ ഉണ്ടായിട്ടില്ല.

മുന്നാക്കവിഭാഗം ഒഴിച്ചുള്ള മറ്റു വിഭാഗങ്ങളിൽ എത്ര ജാതി ഉണ്ട് എന്നതിനെക്കുറിച്ചുള്ള ഒരു വ്യക്തമായ സ്ഥിതിവിവരക്കണക്ക് സർക്കാരിന്റെ പക്കലുണ്ട്. മുന്നാക്കവിഭാഗത്തിൽ എത്ര ജാതി ഉണ്ടെന്നതിനെക്കുറിച്ചുള്ള കണക്ക് ആദ്യത്തെ മുന്നാക്കസമുദായസ്ഥിരം കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഇന്നേവരെ സർക്കാർ പ്രസിദ്ധീകരിച്ചിട്ടില്ല എന്നുള്ളതുതന്നെ, ആ വിഭാഗത്തോടുള്ള അവഗണന എടുത്തുകാണിക്കുന്നു.

ദേവസ്വംബോർഡിലെ 10 ശതമാനം മുന്നാക്ക സംവരണം ആയാലും, കേന്ദ്രഗവണ്മെന്റ് അനുവദിച്ച 10 ശതമാനം സംവരണം ആയാലും നടപ്പാക്കാതിരിക്കാനോ കാലതാമസം വരുത്താനോ വേണ്ടിയുള്ള ബോധപൂർവമായ നീക്കമാണ് സർക്കാർഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

മുന്നാക്കം എന്നുപറഞ്ഞാൽ നായർസമുദായം മാത്രമല്ല, 167 ജാതികൾ ഉണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അവരോടു സർക്കാർ കാണിക്കുന്ന ഈ അനീതിക്കും അവഗണനയ്ക്കും എതിരെയാണ് എൻ.എസ്.എസ്സിന് പ്രതികരിക്കേണ്ടിവരുന്നത്.

ഈ എതിർപ്പ് സംസ്ഥാനസർക്കാരിനെ സമ്മർദ്ദത്തിലാക്കി അനർഹമായി എന്തെങ്കിലും നേടാൻ വേണ്ടിയോ, വഴിവിട്ടുള്ള ആനുകൂല്യങ്ങൾക്കോ വേണ്ടിയല്ല എന്നുള്ള കാര്യം ഭരണകർത്താക്കളും ജനങ്ങളും മനസ്സിലാക്കണം.

വിശ്വാസസംരക്ഷണത്തിനും, മുന്നാക്കവിഭാഗങ്ങൾക്ക് നീതി ലഭിക്കുന്നതിനും വേണ്ടിയാണ് ഈ ഉപതിരഞ്ഞെടുപ്പുകളിൽ ശരിദൂരം കണ്ടെത്തണമെന്നു പറയേണ്ടിവന്നത്. ആ നിലപാട് നാടിന്റെ നന്മയ്ക്കു വേണ്ടിയാണ്, ഇക്കാര്യത്തിൽ പ്രത്യേക അവകാശവാദമോ ആശങ്കയോ എൻ.എസ്.എസ്സിനില്ല.

ശരിദൂരമാണെങ്കിലും എൻ.എസ്.എസ്. പ്രവർത്തകരെ സംബന്ധിച്ചിടത്തോളം, രാഷ്ട്രീയമായി അവർക്കിഷ്ടമുള്ള നിലപാടുകൾ സ്വീകരിക്കുന്നതിനോ പ്രചരിപ്പിക്കുന്നതിനോ യാതൊരു വിലക്കും എൻ.എസ്.എസ്സിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അതനുസരിച്ച് തിരുവനന്തപുരം എൻ.എസ്.എസ്. താലൂക്ക് യൂണിയനുമായി ബന്ധപ്പെട്ടവർ, അവരവരുടെ അഭിപ്രായമനുസരിച്ചുള്ള പ്രവർത്തനം നടത്തിയതിനെ ചില മാധ്യമങ്ങൾ കാര്യമറിയാതെ വിമർശിച്ചപ്പോൾ അത് ഏറ്റെടുത്തുകൊണ്ട് ചിലർ, എൻ.എസ്.എസ്സിനെതിരെ നിരുത്തരവാദപരവും തെറ്റിദ്ധാരണാജനകവുമായ പ്രചാരണം നടത്തുകയുണ്ടായി. "ഈ ഉപതിരഞ്ഞെടുപ്പുകളിൽ എൻ.എസ്.എസ്. സാമുദായികമായ സ്വാധീനം ഉപയോഗിച്ച് യു.ഡി.എഫിനു വേണ്ടി വോട്ടുപിടിച്ചു" എന്നുള്ള അവരുടെ ആരോപണത്തിന് യാതൊരു അടിസ്ഥാനവുമില്ല.

ഉപതിരഞ്ഞെടുപ്പുകളുടെ ഫലം എന്തുതന്നെയായാലും ശരിദൂരമാണ് ശരിയെന്ന് കാലം തെളിയിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അവിടെ രാഷ്ട്രീയത്തിനോ സമുദായത്തിനോ ആയിരിക്കില്ല, സാമൂഹികനീതിക്കായിരിക്കും പ്രാധാന്യം.